**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **28.05.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 175** **മറുപടിക്ക്**

## പുതിയ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ കോസ്റ്റൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ, വിശദീകരിക്കുമോ; | എ) ഉണ്ട്. സംസ്ഥാനത്ത് 6 തീരദേശ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുമതി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ആലപ്പുഴ ജില്ലയിലെ വലിയഴീക്കലിൽ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അനുമതിക്കായി ഒരു വിശദമായ പ്രൊപ്പോസൽ കേരള സർക്കാരിൽനിന്നും 13.08.2015 ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലേക്ക് നൽകിയിട്ടുള്ളതാകുന്നു.<br><br>വലിയഴീക്കൽ തീരദേശ പോലീസ് സ്റ്റേഷൻ കൂടി ഉൾപ്പെടുത്തി ആകെ 7 തീരദേശ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനായുള്ള വിശദമായ പ്രൊപ്പോസൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് അവ സ്ഥാപിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ; | ബി) 1. താനൂർ, മലപ്പുറം ജില്ല.<br>2. വലപ്പാട്, തൃശ്ശൂർ ജില്ല.<br>3. തൃക്കുന്നപ്പുഴ, ആലപ്പുഴ ജില്ല.<br>4. ആലപ്പുഴ കടപ്പുറം, ആലപ്പുഴ ജില്ല.<br>5. ഇരവിപുരം, കൊല്ലം ജില്ല.<br>6. തുമ്പ, തിരുവനന്തപുരം ജില്ല.<br>7. വലിയഴീക്കൽ, ആലപ്പുഴ ജില്ല. |

| | |
|---|---|
| സി) ഇതിനാവശ്യമായ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | സി) ലഭിച്ചിട്ടുണ്ട്. |
| ഡി) കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്ട് ഗ്രാമപഞ്ചായത്തിൽ കോസ്റ്റൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ തീരദേശ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരദേശ സുരക്ഷ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിൽ നിന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ